"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ- LID&EW- ജീവനക്കാര്യം- അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.നീന.എൽ [PEN: 613857] എന്നവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം 15 വർഷസേവനത്തിനുള്ള രണ്ടാം നോൺ കേഡർ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1808/2025/LSGD തീയതി,തിരുവനന്തപുരം, 22-07-2025

---

പരാമർശം:-

1. 29.09.2012 -ലെ സ.ഉ(പി)നം.536/2012/(116)/ധന നമ്പർ ഉത്തരവ്.
2. 10.02.2021-ലെ സ. ഉ.(പി)നം.27/2021 നമ്പർ ഉത്തരവ്.
3. അക്കൗണ്ടന്റ് ജനറലിന്റെ 09.11.2022 ലെ GE 31/A/N 136/142 നമ്പർ കത്ത്.
4. OA(EKM) No. 1673/2024-ലെ ബഹു.KAT-ന്റെ 03.02.2025 -തീയതിയിലെ ഉത്തരവ്.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2025-ലെ LSGD/PD/67629/2023-DEH4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് (LID & EW) മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.നീന.എൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No. 1673/2024 നമ്പർ കേസിന്റെ പരാമർശം (4) പ്രകാരമുള്ള വിധിന്യായത്തിൽ $4^{th}$ respondent ആയ പ്രിൻസിപ്പൽ ഡയറക്ടറോട് പരാതിക്കാരി സമർപ്പിച്ച Annexure A14 നിവേദനം നിയമാനുസൃതം പരിഗണിക്കുവാൻ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി.നീന.എൽ എന്നവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം രണ്ടാം നോൺ കേഡർ സ്ഥാനക്കയറ്റം അനുവദിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

30.09.2006 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ പ്രവേശിച്ച ശ്രീമതി.നീന.എൽ - ന് 03.11.2012-തീയതിയിൽ അസി. എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും, 29.09.2021 -തീയതിയിൽ 15 വർഷ സേവനം പൂർത്തിയാക്കിയിട്ടുമുള്ളതായും, ടി കാലയളവിൽ ടിയാൾ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടില്ല എന്നും പരാമർശം (3) പ്രകാരം അക്കൗണ്ടൻറ് ജനറൽ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.നീന.എൽ സേവന കാലയളവിൽ ഗ്രേഡിനെ ബാധിക്കുന്ന അവധികളൊന്നും ഉപയുക്തമാക്കിയിട്ടില്ലെന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും, 30.09.2006 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ പ്രവേശിച്ച ശ്രീമതി.നീന.എൽ 29.09.2021-തീയതിയിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് യോഗ്യകാലമായ 15 വർഷസേവനം പൂർത്തിയാക്കിയിട്ടുള്ളതിനാലും, മലപ്പുറം ജില്ലയിലെ താഴേക്കോട് ഗ്രാമ പഞ്ചായത്തിലെ സേവന കാലയളവിൽ ശ്രീമതി.നീന.എൽ-ന്റെ പേരിലുണ്ടായിരുന്ന അച്ചടക്ക നടപടി 24.08.2024 ലെ സ.ഉ(സാധാ) നം.1583/2024/LSGD പ്രകാരം തീർപ്പാക്കിയിട്ടുള്ള സാഹചര്യം പരിഗണിച്ചും, കരിയർ അഡ്വാൻസ്മെന്റ് സ്കീമിന്റെ യോഗ്യകാലയളവിൽ ടിയാളുടെ പേരിൽ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ പെനാൽറ്റി കാലയളവോ ഇല്ല എന്നത് പരിഗണിച്ചും തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.നീന.എൽ-ന് 30.09.2021 തീയതി പ്രാബല്യത്തിൽ 95,600-1,53,200 രൂപ ശമ്പള സ്കെയിലിൽ, കെ. എസ്. ആർ ഭാഗം I ചട്ടം 28 A പ്രകാരമുള്ള ശമ്പളനിർണ്ണയ ആനുകൂല്യത്തോട് കൂടിയും പരാമർശം(1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും രണ്ടാം നോൺ കേഡർ സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

2. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.

3. ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് ),തിരുവനന്തപുരം
5. ശ്രീമതി.നീന.എൽ, അസി.എക്സി.എഞ്ചിനീയർ(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
6. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
7. വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Keerthi I P
Date: 23-07-2025 20:39:00
സെക്ഷൻ ഓഫീസർ